Draft #4 of File 5539/AC A9-1/2023/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 27-Jul-2023 12:41 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

PG CSS 2019 റഗുലേഷൻസ് ബാധകമായ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലെ Project കോഴ്സിന്റെ മൂല്യനിർണ്ണയത്തിൽ Internal ഘടകത്തിന് Absent രേഖപ്പെടുത്തി നൽകുന്ന സാഹചര്യം ഉണ്ടാകുമ്പോൾ ആയതിന് വീണ്ടും അവസരം നൽകുന്നതിന് റഗുലേഷൻസിൽ വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശ - അക്കാദമിക് കൗൺസിൽ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 8161/AC A 9/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 27.07.2023

---

*പരാമർശം:*-1) DDFS File No: 139466/EH 7-2/2022/EH 7 -ലെ തുടർ നടപടിക്രമങ്ങൾ.

2) PG CSS 2019 റഗുലേഷൻസ് അനുച്ഛേദം 12.11, 12.20.

3) 26.05.2023ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 49/5539/AC A9-1/2023 (7.07.2023ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (23.04) ഇനം നമ്പർ 01/23.04/2300012 ആയി സമർപ്പിച്ചത്).

**<u>ഉത്തരവ്</u>**

PG CSS 2019 റഗുലേഷൻസ് ബാധകമായി നടന്നുവരുന്ന ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ പഠനം നടത്തുന്ന വിദ്യാർഥികൾക്ക് കോഴ്സുകളുടെ മൂല്യനിർണ്ണയത്തിൽ Internal ഘടകത്തിന് Absent രേഖപ്പെടുത്തി കോളേജിൽ നിന്നും നൽകിയ സാഹചര്യം ഉണ്ടാകുകയും ആയത് Redo ചെയ്യുവാൻ അവസരം നൽകുന്നത് സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞുകൊണ്ട് പരീക്ഷാവിഭാഗത്തിൽ നിന്നും പരാമർശം (1) പ്രകാരം ഫയൽ ലഭിക്കുകയും ചെയ്തിരുന്നു. PG CSS 2019 റഗുലേഷൻസ് വ്യവസ്ഥകൾ പരാമർശം (2) പ്രകാരം Internal ഘടകം വിജയിക്കുന്നതിന് separate minimum ആവശ്യമില്ല എന്നും External ഘടകം വിജയിക്കുന്നതിന് minimum C grade നേടണമെന്നും നിർദ്ദേശം നൽകിയിരിക്കുന്നു. കൂടാതെ Internal ഗ്രേഡ് improve ചെയ്യുന്നതിന് അവസരം ഇല്ല എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.എന്നാൽ വിദ്യാർഥികൾക്ക് Internal ഗ്രേഡ് Absent ലഭിക്കുന്ന സാഹചര്യത്തിൽ ആയതിന് വീണ്ടും അവസരം നൽകുന്ന വിഷയത്തിൽ റഗുലേഷൻസിൽ പ്രത്യേക പരാമർശങ്ങൾ നൽകിയിട്ടുമില്ല.ടി വസ്തുത വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു.

26.05.2023ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗം പരാമർശം (3) പ്രകാരം ചുവടെയുള്ള തീരുമാനം കൈക്കൊണ്ടിരിക്കുന്നു.

ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ സെമസ്റ്റർ പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾ Project കോഴ്സിന്റെ External/Internal ഘടകങ്ങൾ Absent ആകുന്ന സാഹചര്യത്തിൽ തൊട്ടടുത്തുവരുന്ന ബാച്ചിന്റെ കൂടെ External പരീക്ഷകൾക്ക് അവസരം നൽകുന്നതിനൊപ്പം Internal പരീക്ഷകൾ കൂടി

രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസരം നൽകുന്നതിന് PG CSS റഗുലേഷൻസിൽ ഭേദഗതി വരുത്തുന്നതിനും 75% ഹാജർ ലഭിച്ച് സെമസ്റ്റർ പരീക്ഷകൾ രജിസ്റ്റർ ചെയ്യുന്ന വിദ്യാർഥികൾക്ക് Theory, Practical, comprehensive viva - voce എന്നീ കോഴ്സുകളുടെ internal മൂല്യനിർണ്ണയത്തിന് Absent രേഖപ്പെടുത്തി നൽകുന്നത് continuous evaluation എന്ന റഗുലേഷൻസ് നിർദ്ദേശത്തിന് വിരുദ്ധമാകയാൽ, ആയത് നൽകാൻ പാടില്ല എന്ന കർശന നിർദ്ദേശം കോളേജുകൾക്ക് നൽകുന്നതിനും Project കോഴ്സിന്റെ internal മൂല്യനിർണ്ണയത്തിന് അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥി ആയതിനുള്ള മതിയായ കാരണം സർവ്വകലാശാലയിൽ, കോളേജ് പ്രിൻസിപ്പാളിന്റെ ശിപാർശയോടൊപ്പം സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

07.07.2023 ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (23.04) ഇനം നമ്പർ 01/23.04/2300012 ആയി മേൽ തീരുമാനം സമർപ്പിച്ചിരുന്നു.

PG CSS 2019 റഗുലേഷൻസ്, അനുച്ഛേദം 12.21 മേൽ ഭേദഗതി കൂടി ഉൾപ്പെടുത്തി പരിഷ്ക്കരിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഷാജി കെ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
2) രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3) ജെ.ആർ II (ഭരണവിഭാഗം) / ഡി.ആർ. II / എ.ആർ. III (അക്കാദമിക് വിഭാഗം)
4) ജെ.ആർ I / ജെ.ആർ II / ജെ.ആർ III / ജെ.ആർ IV / ഡി.ആർ. I / ഡി.ആർ. II / ഡി.ആർ. V / ഡി.ആർ. VI / ഡി.ആർ. VII / എ.ആർ. VI /എ.ആർ. VIII / / എ.ആർ. IX / എ.ആർ XI / എ.ആർ XII /എ.ആർ. XXIV (പരീക്ഷാവിഭാഗം)
5) സർവ്വകലാശാലയുടെ എല്ലാ അഫിലിയേറ്റഡ് കോളേജുകൾക്കും
6) ഇ എ I / ഇ എച്ച് I / II / III / IV / V / VI / VII / VIII / IX / X / XI / XII / XIII / XIV / XV / XVII / ഇ ഐ III / VI / XXXVI / XXXVIII / XXXIX സെക്ഷനുകൾ
7) എ സി ബി 7 / എ സി എ 12 / എ സി എൽ / എ സി സി 1 / എ സി സി 2 / ഐ ടി സെൽ 1, 2 സെക്ഷനുകൾ

Draft #4 of File 5539/AC A9-1/2023/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 27-Jul-2023 12:41 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

8) പി ആർ ഒ / ഐ ക്യൂ എ സി / റെക്കോർഡ്സ് സെക്ഷനുകൾ

9) ACTION TAKEN REPORT

10) സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

File No: 5539/AC A9-1/2023/AC A 9

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File 5539/AC A9-1/2023/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 27-Jul-2023 12:41 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം